ബില്ലിൽ വ്യവസ്ഥയുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു നിയമം പാസ്സാക്കുമ്പോൾ ഇവിടെ 12-ാം ക്ലാസ്സുവരെ വിദ്യാഭ്യാസം സൗജന്യമായി നൽകുന്ന ഒരു ഘട്ടത്തിൽ ഫീസ് പിരിച്ച് നടത്തുന്ന സ്ഥിതിയുണ്ടാകുകയില്ല. അതുകൊണ്ട് ഇവിടെയുള്ള പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ സർവ്വീസ് തീർച്ചയായിട്ടും പ്രൊട്ടക്ട് ചെയ്യപ്പെടും. അവർക്ക് മാന്യമായ വേതനം നൽകാനുള്ള ഏർപ്പാടുണ്ടാകും. അതുകൊണ്ട് ഏറ്റവും വേഗം ഈ സഭയിൽത്തന്നെ ഈ ബിൽ പാസ്സാക്കുകയെന്നുള്ളതാണ് ആവശ്യം. 1988 മുതൽ പല ഗവൺമെന്റുകളും മാറിമാറി വന്നു, ഇതും തുടരുകയാണ്. ഈ മംഗത്ത് ഒരു പുതിയ നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

ശ്രീമതി റോസമ്മ ചാക്കോ : ഏകീകൃത സ്വഭാവത്തിനു വേണ്ടിയാണല്ലോ നമ്മൾ ഇത് കൊണ്ടുവന്നിരിക്കുന്നത്. അധ്യാപകൻമാരുടെ പ്രൊട്ടക്ഷനെപ്പറ്റിയോ സാലറിയെപ്പറ്റിയോ ഒന്നും ഇതിൽ പറഞ്ഞിട്ടില്ല. ഇതിൽ അതുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എങ്കിലും അത് ഒരു പക്ഷപാതപരമായ നടപടിയല്ലേ? ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്ന ഇപ്രകാരമുള്ള സ്കൂളുകളുണ്ട്. ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് ഗവൺമെന്റ് നടത്തുന്ന ചില പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കുമൊക്കെ ശമ്പളം കൊടുക്കുന്നുണ്ട്. അതേസമയം മറ്റുള്ളവർക്ക് കൊടുക്കുന്നില്ല. ഈ ഒരു വ്യത്യാസം അവസാനിപ്പിച്ച് താൽക്കാലികമായി അവർക്ക് ആശ്വാസം കൊടുക്കുന്ന എന്തെങ്കിലും പരിപാടി ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇപ്പോൾ സ്ക്കൂൾ അടയ്ക്കാറായി. അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതനുസരിച്ച് നമുക്ക് നാളെ സെലക്ട് കമ്മിറ്റി ചേർന്ന് ഈ ബിൽ പാസ്സാക്കുന്നതോടുകൂടി അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പാക്കാം. ഏതായാലും ഗവൺമെന്റ് ഇത് പോളിസിയായിട്ട് അംഗീകരിക്കുമ്പോൾ അവിടെയുള്ള ജീവനക്കാരുടെ വേതനത്തെ സംബന്ധിച്ചും വ്യക്തമായ ഒരു തീരുമാനമുണ്ടാകും.

## (2) കേന്ദ്ര വ്യാവസായിക നയംമൂലം സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർ തൊഴിലാളികളും അവർ ഏർപ്പെട്ടിരിക്കുന്ന വ്യവസായവും നേരിടുന്ന പ്രതിസന്ധി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് എന്റെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്ന ഉദാരവൽക്കരണ നയത്തിന്റെ ഫലമായി കയർ വ്യവസായത്തെ തകർക്കുന്ന ചില നടപടികൾ അവർ സ്വീകരിക്കുകയാണ്. മിനിമം എക്സ്പോർട്ട് പ്രൈസ് 1966 മുതൽ കയർ വ്യവസായത്തിൽ പ്രാബല്യത്തിലുള്ളതാണ്. നിയന്ത്രണങ്ങളേ പാടില്ല എന്ന തത്വത്തിന്റെ പേരിൽ ആ മിനിമം എക്സ്പോർട്ട് പ്രൈസ് നീക്കം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അത് ടോട്ടലായി ഇപ്പോൾ നീക്കം ചെയ്തില്ല എങ്കിലും പടിപടിയായി വെട്ടിക്കുറയ്ക്കാനും അവസാനം എടുത്തുകളയാനുമാണ് ഉദ്ദേശിക്കുന്നത്. 1935-ലാണ് കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസ് അവസാനമായി പുതുക്കിയത്. കാലാകാലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

റാമെറ്റീരിയൽസിന്റെ വില, തൊഴിലാളികളുടെ കൂലി ഇതെല്ലാംകൂടി കണക്കാക്കിയിട്ടാണ് മിനിമം എക്സ്പോർട്ട് പ്രൈസ് തീരുമാനിക്കുന്നത്. 1995-ലാണ് കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസ് അവസാനമായി പുതുക്കിയത്. കാലാകാലങ്ങളിൽ റാമെറ്റീരിയൽസിന്റെ വില, തൊഴിലാളികളുടെ കൂലി ഇതെല്ലാംകൂടി കണക്കാക്കിയിട്ടാണ് മിനിമം എക്സ്പോർട്ട് പ്രൈസ് തീരുമാനിക്കുന്നത്. 1995-ൽ കയർബോർഡ് തീരുമാനിക്കുകയും അത് ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ അംഗീകരിക്കുകയും ചെയ്തതാണ്. 1997-ൽ വീണ്ടും അത് പുതുക്കുകയുണ്ടായി. 1997-ൽ തൊഴിലാളികളുടെ കൂലിക്കുവേണ്ടിയുള്ള സമരം നടത്തിയതിന്റെ ഫലമായി ഉൽപ്പാദനച്ചെലവ് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ മിനിമം എക്സ്പോർട്ട് പ്രൈസ് പുതുക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. കയർബോർഡ് 1997-ൽ ഇത് പുതുക്കി കേന്ദ്രത്തിനയച്ചു. കേന്ദ്ര ഗവൺമെന്റ് അത് നോട്ടിഫൈ ചെയ്യാതെ വച്ചു താമസിപ്പിച്ചു. നിരവധി പ്രാവശ്യം കയർബോർഡ് ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഗവൺമെന്റ് അത് നോട്ടിഫൈ ചെയ്തില്ല. എന്നാൽ വിദേശ രാജ്യങ്ങളിലെ മുതലാളിമാർ 1997-ലെ പുതുക്കിയ വിലനിരക്ക് നൽകിക്കൊണ്ടിരുന്നു. 1999 അവസാനമായപ്പോൾ കേന്ദ്ര ഗവൺമെന്റ് പറഞ്ഞു, ഞങ്ങൾ ഇത് നോട്ടിഫൈ ചെയ്തിട്ടില്ല. ഞങ്ങൾ 1995-ലെ വില മാത്രമേ നോട്ടിഫൈ ചെയ്തിട്ടുള്ളൂ. അതുകൊണ്ട് 1995-ലെ വിലയ്ക്ക് ഓർഡർ പിടിക്കണം. എന്നു പറഞ്ഞാൽ 1995-ൽനിന്നും 1997-ലെ വിലയിൽ പതിമൂന്നര ശതമാനം വർദ്ധനവാണ്. ആ പതിമൂന്നര ശതമാനം വർദ്ധനവ് വിദേശ മുതലാളിമാർ നൽകേണ്ടതില്ല, 1995-ലെ വില നൽകിയാൽ മതി എന്ന് കേന്ദ്ര ഗവൺമെന്റ് അവർക്ക് നിർദ്ദേശം നൽകി. ഇതുമൂലം ചെറുകിട കയർ ഫാക്ടറി ഉടമസ്ഥൻമാരിൽനിന്നും കയർ ഉൽപ്പന്നങ്ങൾ വാങ്ങിക്കുന്ന കയറ്റുമതിക്കാർ ഇവിടെ പർച്ചേസ് പ്രൈസ് കുറച്ചു. പർച്ചേസ് പ്രൈസ് കുറച്ചാൽ സ്വാഭാവികമായി തൊഴിലാളികളുടെ കൂലിയും വെട്ടിക്കുറയ്ക്കും. മറ്റൊരു വശമുള്ളത് നമ്മുടെ രാജ്യത്തിന് കിട്ടിക്കൊണ്ടിരുന്ന വിദേശ നാണ്യം കുറയുകയാണുണ്ടായത്. എന്തിനാണ് വിദേശ രാജ്യത്തിനുവേണ്ടി ആ വിദേശ നാണ്യം ഉപേക്ഷിക്കുന്നത്. അത് അവരെ സഹായിക്കാൻ മാത്രമേ ഉപകരിക്കൂ. ഇവിടെയുള്ള കയറ്റുമതിക്കാരെയോ, ചെറുകിടക്കാരെയോ, തൊഴിലാളികളെയോ സഹായിക്കാനല്ല ഈ നടപടി. ഇതിനെതിരായി തൊഴിലാളി സംഘടനകളും തൊഴിലുടമകളും കക്ഷി വ്യത്യാസമില്ലാതെ യോജിച്ച് ഗവൺമെന്റിന്റെ മുൻപിൽ നിവേദനം നടത്തി. കേന്ദ്ര മന്ത്രിമാരെ കണ്ടു. ഇന്ത്യയിലെ കയർ വ്യവസായത്തിന്റെ 90 ശതമാനവും സ്ഥിതി ചെയ്യുന്നത് കേരളത്തിലായതുകൊണ്ട് ഇക്കാര്യത്തിൽ കേരളാ ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ തീരുമാനമെടുക്കാവൂ എന്ന് കേരളത്തിലെ എം.പി.മാർ അറിയിക്കുകയുണ്ടായി. നിവേദനങ്ങളൊക്കെ നടത്തുമ്പോൾ കേന്ദ്രമന്ത്രിമാർ പറഞ്ഞത് കയർ വ്യവസായത്തെക്കുറിച്ച് എന്ത് തീരുമാനമെടുക്കുന്നതും കേരളാ ഗവൺമെന്റിനോട് ആലോചിച്ചേ ചെയ്യൂ എന്നാണ്. എന്നാൽ യാതൊരു ആലോചനയും ഇല്ലാതെ ഇപ്പോൾ ഗവൺമെന്റ് ചെയ്തിരിക്കുന്നത് 1995-ലെ വില നിലവാരത്തിലേയ്ക്ക് കൊണ്ടുപോയി. ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും ഫിനിഷിംഗ് വർക്ക് ചെയ്യുന്നതും ഡൈ ചെയ്യുന്നതും കെമിക്കൽസ് ചേർക്കുന്നതും എല്ലാം കൂടി കുറെ ജോലികളുണ്ട്. ടോട്ടൽ വിലയും 15 ശതമാനം ഇംബെലിഷ്മെന്റ് ചാർജ്ജ് വരും. ഇപ്പോൾ ഇംബെലിഷ്മെന്റ് ചാർജ്ജ് മിനിമം എക്സ്പോർട്ട് പ്രൈസിൽനിന്നും കുറയ്ക്കാനും ഗവൺമെന്റ് തീരുമാനിച്ചു. കയർബോർഡിൽ ഈ വിഷയം ചർച്ചയ്ക്കു വന്നപ്പോൾ, കയർബോർഡിൽ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യം കുറവാണ്. തെങ്ങ് ഉള്ള സംസ്ഥാനങ്ങൾക്കെല്ലാം കയർ ബോർഡ് പ്രാതിനിധ്യം കൊടുത്തിട്ടുണ്ട്. അതിനുംപുറമെ കുറെ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും അവർ നോമിനേറ്റ് ചെയ്യുന്ന ആളുകളുമുണ്ട്. മുൻകാലങ്ങളിൽ കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പാർലമെന്റ് മെമ്പർമാരെയാണ് കയർബോർഡിലേക്ക് മെമ്പർമാരായി അയച്ചിരുന്നത്. ആലപ്പുഴയുടെ പ്രതിനിധി എന്ന നിലയിൽ ശ്രീ. വി.എം. സുധീരൻ കയർബോർഡിലുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം മാറ്റി. ബി.ജെ.പിയുടെ പ്രതിനിധികളേയും വടക്കേ ഇന്ത്യയിലെ പ്രതിനിധികളേയുമാണ് കയർബോർഡിലെ മെമ്പർമാരായി നോമിനേറ്റ് ചെയ്തിരിക്കുന്നത്. അവർ ഗവൺമെന്റ് എടുക്കുന്ന തീരുമാനത്തിന് സപ്പോർട്ട് ചെയ്യുന്ന നിലപാടാണ് എടുക്കുന്നത്. ഇംബെലിഷ്മെന്റ് ചാർജ്ജ് കുറയ്ക്കാൻ തീരുമാനിച്ചപ്പോഴും കേരളത്തിൽനിന്നുള്ള പരിമിതമായ അംഗങ്ങൾ ആണെങ്കിൽപ്പോലും അതിനെ ശക്തിയായി എതിർത്തു. പക്ഷെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് ഇംബെലിഷ്മെന്റ് ചാർജ്ജ് മിനിമം എക്സ്പോർട്ട് പ്രൈസസിൽനിന്നും കുറവ് ചെയ്യാൻ ബോർഡിന്റെ തീരുമാനത്തിന് കേന്ദ്രഗവൺമെന്റ് ഇപ്പോൾ അനുമതി നൽകിയിരിക്കുകയാണ്. ഇത് ലഭിച്ചുകൊണ്ടിരുന്ന വിലയിൽ 15 ശതമാനം വീതം കുറയ്ക്കുകയാണ്. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വിദേശ മാർക്കറ്റിൽ ലഭിച്ചുകൊണ്ടിരുന്ന വില 2 പ്രാവശ്യമായി വെട്ടിക്കുറയ്ക്കാനാണ് ഈ നടപടികൾ ഉപകരിക്കുന്നത്. ഈ സാഹചര്യത്തിൽ കയർ വ്യവസായം നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല. 1996-ൽ മിനിമം എക്സ്പോർട്ട് പ്രൈസ് പ്രാബല്യത്തിൽ വന്നതിനുശേഷമാണ് കയറ്റുമതിക്കാർക്കായാലും ചെറുകിടക്കാർക്കായാലും തൊഴിലാളികൾക്കായാലും ഉൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടാനിടയായത്. ആലപ്പുഴയിലെ എന്റെ സ്നേഹിതൻ ശ്രീമാൻ ഫ്രാൻസിസിനറിയാം. 1966-നു മുൻപ് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന ആളുകൾ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവരെ വന്നിട്ടുണ്ട്. 1966-നുശേഷം ആലപ്പുഴയിൽനിന്നും അരൂർ വരെ വണ്ടി ഓടിക്കുന്നവർക്ക് കാണാൻ സാധിക്കും. റോഡിന്റെ ഇരുവശങ്ങളിലും മനോഹരമായ വൻകിട ഫാക്ടറികൾ ഉയർന്നുവന്നത് എം.ഇ.പി. പ്രാബല്യത്തിൽ വന്നതിനുശേഷമാണ്. ആ നിലയിൽ കയർ വ്യവസായത്തിന് വളർച്ചയുണ്ടായതും തൊഴിലാളികൾക്ക് കൂലി കിട്ടിയതും മിനിമം വേജസ് പൂർണ്ണമായും കിട്ടുന്നില്ലെങ്കിലും അതിന്റെ പകുതിയിൽ കൂടിയ കൂലിയെങ്കിലും ലഭിക്കാൻ ഇടയായത് മിനിമം എക്സ്പോർട്ട് പ്രൈസുനിലനിൽക്കുന്നതിന്റെ ഫലമായിട്ടാണ് ചെറികിടക്കാരന് പർച്ചേഴ്സ്പ്രൈസ്ലഭ്യമാകുന്നത് ഈ മിനിമം എക്സ്പോർട്ട് പ്രൈസിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റും കയർ ബോർഡിന്റെ ചെയർമാനും പറയുന്നത് മിനിമം എക്സ്പോർട്ട് പ്രൈസ് എടുത്തുകളഞ്ഞാലും ഞങ്ങൾ പർച്ചേസ് പ്രൈസ് കൊടുക്കും എന്നാണ്. സാധ്യമേയല്ല. മിനിമം എക്സ്പോർട്ട് പ്രൈസ് കുറച്ചാൽ കയറ്റുമതിക്കാർ പർച്ചേസ് പ്രൈസ് കുറയ്ക്കും. ഇതിനുമുൻപ് തൊഴിലാളികളും ചെറുകിടക്കാരും സമരം ചെയ്ത് പർച്ചേസ് പ്രൈസ് 6 ശതമാനം ഉയർത്തിയിരുന്നു. 6 ശതമാനം പർച്ചേസ് പ്രൈസ് ഉയർത്തിയത് ഭൂരിപക്ഷം കയറ്റുമതിക്കാരും കൊടുക്കുന്നില്ല. ചെറുകിടക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ ഉൽപ്പന്നം വിറ്റുമാറ്റാൻ സാധിച്ചില്ലെങ്കിൽ പണിയുണ്ടാകില്ല. അതുകൊണ്ട് നിശ്ചയിച്ച പർച്ചേസ് പ്രൈസിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ ചെറുകിടക്കാർ നിർബന്ധിതരാകുന്നു. നിയമം നടപ്പാക്കുമെന്ന് വെറുതെ വരുത്തിത്തീർക്കാൻ കയറ്റുമതിക്കാർ പർച്ചേസ് പ്രൈസിന്റെ സംഖ്യയ്ക്ക് ചെക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഴുതിക്കൊടുക്കും. പക്ഷേ ചെക്ക് കൊടുക്കണമെങ്കിൽ അവർ പറയുന്ന ആയിരവും രണ്ടായിരവും രൂപ കൃാഷ്ായി കയറ്റുമതിക്കാർക്ക് കൊടുത്തെങ്കിൽ മാത്രമേ പൂർണ്ണ വിലയുടെ ചെക്കെഴുതി കൊടുക്കൂ. അങ്ങനെയാണ് ഇവർ വില കറുച്ചുകൊണ്ടിരിക്കുന്നതൊത്. ഇപ്പോൾ വീണ്ടും കയർബോർഡ് പർച്ചേസ് പ്രൈസ് 7 ശതമാനം ആക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. വർദ്ധിപ്പിക്കാൻ തീരുമാനിച്ചാലും വർദ്ധിപ്പിക്കുന്ന വില ചെറുകിടക്കാർക്ക് കിട്ടില്ല. ഇതറിയാവുന്ന ചെറുകിടക്കാർ എല്ലാവരും യോജിച്ചുകൊണ്ട് മാർച്ച് 1-ന് ആലപ്പുഴ, അമ്പലപ്പുഴ, ചേർത്തല താലൂക്ക് പ്രതിപക്ഷ നേതാവിന്റെ മണ്ഡല മടക്കം ഉൾക്കൊള്ളുന്ന താലൂക്കുകളിലെ കയർ ഉൽപ്പാദകരും ചെറുകിടക്കാരും പണി മുടക്കുകയാണ്. അവർ മാത്രമല്ല, കേരളത്തിലെ തീരപ്രദേശമാകെ, കാസർകോട് മുതൽ പാറശ്ശാല വരെയുള്ള കയർ ഉൽപ്പാദന മേഖല മാർച്ച് 1-ന് പണിമുടക്കാനും കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾ പിക്കറ്റ് ചെയ്യാനും തീരുമാനിച്ചിരിക്കുകയാണ്. നേരത്തേയും അവർ ഇതുപോലെ കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്കു മുന്നിൽ ധർണ നടത്തിയിട്ടുണ്ട്. ഇതിനൊരു പരിഹാരം കാണുന്ന നിലപാടല്ല കേന്ദ്രം എടുത്തിരിക്കുന്നത്. ഉദാരവൽക്കരണ നയത്തിന്റെ ഫലമായി, നമുക്കു മാത്രമായി ഈ നിയന്ത്രണങ്ങൾ വച്ചുപുലർത്താൻ സാധിക്കില്ല എന്ന് പറഞ്ഞുകൊണ്ടാണ് കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് വിലയിടിക്കാൻ കേന്ദ്രം നടപടി സ്വീകരിച്ചിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് മാർച്ച് 8-ാം തീയതി പാർലമെന്റിന് മുന്നിലേയ്ക്ക് തൊഴിലാളികളും ചെറുകിട കയർ ഉൽപ്പാദകരുമെല്ലാം യോജിച്ചുകൊണ്ട് ഒരു മാർച്ച് സംഘടിപ്പിക്കാനും കേന്ദ്രത്തിൽ നിവേദനം കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും 20 എം.പി.മാരും ഈ പ്രശ്നം സംബന്ധിച്ച് കേന്ദ്രമന്ത്രിമാരെക്കൊണ്ട് നിവേദനം നടത്തി. 20 എം.പി.മാരും ഒപ്പിട്ട മെമ്മോറാണ്ടത്തിൽ കേരളത്തിന്റെ വ്യവസായമായ കയർ വ്യവസായത്തെ തകർക്കുന്ന ഒരു നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. എം.പി.മാരുടെ നിവേദനത്തിന് അവർ യാതൊരു വിലയും കൽപ്പിച്ചിട്ടില്ല. ഈ വിവരം കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫാക്സ് മെസേജ് അയച്ചു. വ്യവസായ വകുപ്പുമന്ത്രി നേരിട്ടുപോയി നിവേദനം നടത്തി. ഇതൊക്കെ ചെയ്തിട്ടുപോലും ഒന്നും ചെവിക്കൊള്ളാതെ ഈ വ്യവസായത്തെ തകർക്കാൻ, നാലഞ്ചു ലക്ഷം തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മുട്ടിക്കാൻ, ഒരു വർഷം 250 കോടി രൂപ കേരളത്തിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന്റെ ഫലമായി ഫോറിൻ എക്സ്ചേഞ്ച് കിട്ടുന്നത് ഇല്ലായ്മ ചെയ്യാൻ നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര വിപണിയിൽ വിൽക്കുന്ന ഏതാണ്ട് 800 കോടി രൂപയുടെ കയറിന്റെ വില ഇടിക്കാൻ, കയർ വ്യവസായത്തെ തകർക്കുന്ന ഒരു ഗൂഢപദ്ധതിയാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ വ്യവസായത്തെ രക്ഷിക്കാനും പദ്ധതിയിൽനിന്ന് കേന്ദ്ര ഗവൺമെന്റിനെ പിൻതിരിപ്പിക്കാനും നാലഞ്ചു ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളെയും അവരെ ആശ്രയിച്ചു കഴിയുന്ന പത്തിരുപത് ലക്ഷം ജനങ്ങളെയും അവരുടെ ഉപജീവന മാർഗ്ഗത്തെയും തകർക്കുന്നതിൽനിന്ന് പിൻതിരിപ്പിക്കാനും ആവശ്യമായ സമ്മർദ്ദവും സ്വാധീനവും ഗവൺമെന്റ് ചെലുത്തണമെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇതിനുപുറമെ കേരള നിയമസഭ ഐകകണ്ഠ്യേന കേന്ദ്ര ഗവൺമെന്റിനോട് എം.ഇ.പി. പിൻവലിക്കുന്ന ഈ നടപടി കേരളത്തിന് ദോഷകരമായതുകൊണ്ട് അത് പിൻവലിക്കാൻ പാടില്ല, എം.ഇ.പി.യിൽ ഭേദഗതി വരുത്താൻ പാടില്ല അത് പുനഃസ്ഥാപിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രമേയത്തിലൂടെ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

മി. സ്പീക്കർ : ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയാൻ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി ബഹുമാനപ്പെട്ട പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി കെ. രാധാകൃഷ്ണനെ ചുമതപ്പെടുത്തിയിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി തന്നെ മറുപടി പറയണമെന്നുണ്ടെങ്കിൽ മന്ത്രി സഭയിൽ വന്നതിനുശേഷം മറുപടി പറയുന്നതിന് അവസരം കൊടുക്കുന്നതാണ്. ഇപ്പോൾ സബ്മിഷൻ എടുക്കാം.

# V. സബ്മിഷൻ

## (1). യു.ഐ.ടി.അടൂർ സെന്ററിൽ നടന്ന അക്രമം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ അടൂർ സെന്ററിലെ വിദ്യാർത്ഥിയായ പ്രീതി കൃഷ്ണനെ വളരെ മൃഗീയമായി ആ സ്ഥാപനത്തിലെ തന്നെ വാച്ച്മാൻ രജ്ഞൻ എന്ന ഒരാൾ മർദ്ദിക്കുകയുണ്ടായി. ഡി.വൈ.എഫ്.ഐ. പ്രവർത്തകനും ഒരു ഭാരവാഹിയുമാണ് ഈ രജ്ഞൻ. പ്രീതി കൃഷ്ണൻ ഈ മർദ്ദനം സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോ-ഓർഡിനേറ്ററോട് പരാതിപ്പെട്ടു എന്നുള്ളതിന്റെ പേരിൽ അതിന്റെ പക തീർക്കുന്നതിനുവേണ്ടിയാണ് പുറത്തുനിന്നുള്ള പാർട്ടി പ്രവർത്തകരുടെ സഹായത്തോടുകൂടി അതിക്രൂരമായി ഈ മർദ്ദനം നടത്തിയത്. ഈ മർദ്ദനത്തിനു വിധേയരായ ആളുകൾ പരാതിപ്പെട്ടിട്ടും അതിനുള്ള നിയമനടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇത് ഒരു സംഭവം മാത്രമല്ല. അടൂർ എൻജിനിയറിംഗ് കോളേജിലും ഇതുപോലുള്ള ഒരു സംഭവം ഒരാഴ്ചമുൻപുണ്ടായി. പുറത്തുനിന്നുള്ള ഡി.വൈ.എഫ്.ഐ പ്രവർത്തകർ ആ കോളേജിൽ കയറി കുട്ടികളെ മർദ്ദിക്കുകയുണ്ടായി. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വന്നുതാമസിക്കുന്ന കുട്ടികളാണവർ. അവർക്ക് അവിടെയുള്ളവരുമായി മർദ്ദിക്കുന്നതിന് കായികശക്തി ഇല്ല. ലോക്കൽ പിൻബലവുമില്ല. അതുകൊണ്ട് ഈ കുട്ടികൾക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. വളരെ ശക്തമായ നടപടി ഇക്കാര്യത്തിലെടുക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ ഗൗരവമായ ഒരു വിഷയത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. 23.2.2000 ത്തിന് അടൂർ യു.ഐ.ടി സെന്ററിലെ രണ്ടു വിദ്യാർത്ഥികൾ തമ്മിൽ തർക്കവും വാക്കേറ്റവുമുണ്ടായി പക്ഷെ ക്ലാസ് കഴിഞ്ഞുപോയ പ്രീതി കൃഷ്ണൻ, ജയ്സൺ, ചെറിയാൻ, രാജേഷ് എന്നീ വിദ്യാർത്ഥികളെ അടൂർ ബസ് സ്റ്റാന്റിനു സമീപംവച്ച് കണ്ടാലറിയാവുന്ന മൂന്നുപേർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചു. ഇത് ക്രിമിനൽ കുറ്റമാണ്. നടപടിയെടുക്കാൻ പോലീസ് ബാധ്യസ്ഥമാണ്. ഇതുസംബന്ധിച്ച് ക്രൈം 122/2000 എന്ന നമ്പർ ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. തീർച്ചയായും യുക്തമായ നടപടി ഇക്കാര്യത്തിലുണ്ടാകും.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പകുതി തുക വീതംമാത്രമേ ആകുകയുള്ളൂ ഞാൻ അത്തരം ഒട്ടേറെ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ജനങ്ങൾക്ക് വളരെ അംഗീകാരമുള്ള സ്ഥാപനമെന്ന നിലയിൽ ഇത്തരത്തിൽ ആലോചന നടത്തുന്നത് നന്നായിരിക്കും.

## ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി

മി. സ്പീക്കർ : കാളിംഗ് അറ്റൻഷനുള്ള മറുപടി "കേന്ദ്ര വ്യാവസായിക നയം മൂലം സംസ്ഥാനത്തുള്ള കയർവ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ"

(ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി)

വ്യവസായവും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വളരെ ഗൗരവമായ, ഏതാണ്ട് പത്തിരുപത്തിയഞ്ച് ലക്ഷം ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 1979-ൽ കയർ എക്സ്പോർട്ടർമാർ തമ്മിലുള്ള വൻപിച്ച കഴുത്തറപ്പൻ മത്സരത്തിന്റെ ഫലമായി ഇടത്തരം ഉൽപ്പാദകരും മറ്റുള്ളവരും പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസ് ഏർപ്പെടുത്തിയത്. 1995-ൽ കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസും പർച്ചേസ് പ്രൈസും വർദ്ധിപ്പിക്കണമെന്ന സംസ്ഥാനഗവൺമെന്റിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് അവഗണിച്ച് 1997-ൽ മിനിമം എക്സ്പോർട്ട് പ്രൈസിൽ പതിമൂന്നര ശതമാനം വർദ്ധനവ് വരുത്തിയെങ്കിലും കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കുകയുണ്ടായില്ല. 1995-ൽ ഉണ്ടായിരുന്ന മിനിമം എക്സ്പോർട്ട് പ്രൈസാണ് ഇപ്പോൾ നിലവിലുള്ളത്. എന്നു മാത്രമല്ല. ചെറുകിട ഉൽപ്പാദകരെ വളരെ ദോഷകരമായി ബാധിക്കുന്ന ഒരു കാര്യമാണ്. ഇപ്പോഴുള്ള പർച്ചേസ് പ്രൈസ് കൂടുതൽ എൻഫോഴ്സ് ചെയ്യാൻ കയർബോർഡിനു കഴിയുന്നില്ല എന്നു മാത്രമല്ല വില പുതുക്കി നിശ്ചയിക്കാനും കഴിയുന്നില്ല. പക്ഷെ അതിൽ ഒരു അർത്ഥവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഞങ്ങൾ വളരെ ശക്തമായി എക്സ്പോർട്ട് പ്രൈസ് മിനിമം പ്രൈസ് എടുത്തുകളയുവാൻ പാടില്ലെന്ന് നിരവധി പ്രാവശ്യം പ്രധാനമന്ത്രിക്ക് കത്തെഴുതി. മന്ത്രിമാരെകണ്ട് സംസാരിച്ചു. നമ്മുടെ എം.പി.മാരോട് ഈ കാര്യം ബോധ്യപ്പെടുത്തി. ഈ സംസ്ഥാനത്തെ മുഴുവൻ എം.പി.മാരും ഒന്നിച്ചുചേർന്ന് ഇത് എടുത്തുകളയരുതെന്ന് പറഞ്ഞു. പക്ഷെ കേന്ദ്ര ഗവൺമെന്റ് നാലഞ്ച് വലിയ എക്സ്പോർട്ടർമാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനഗവൺമെന്റിന്റെ ആവശ്യം അഗീകരിക്കാതിരിക്കുകയാണ്. അതു കൂടാതെ ഇപ്പോൾ വളർന്നുവരുന്ന ഒരു മേഖലയാണ് ജിയോ ടെക്സ്റ്റൈയിൽസ്. കയറിന്റെ വലപ്പായ മണ്ണിടിയുന്നത് തടയുവാനും റോഡ് നിർമ്മാണത്തിനും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. അതിന്റെ എക്സ്പോർട്ട് വർദ്ധിച്ചുവരുകയാണ്. അതിന് ഇപ്പോൾ മിനിമം പ്രൈസ് നിശ്ചയിച്ചിട്ടില്ല. അതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. അതു കൂടാതെ യന്ത്രവൽക്കരണത്തിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് മിനിമം എക്സ്പോർട്ട് പ്രൈസ് ഇല്ലാതാക്കിയിരിക്കുകയാണ്. Embellishment എടുത്തുകളഞ്ഞുകഴിഞ്ഞാൽ, പിന്നെ വരുന്ന വില വളരെ തുച്ഛമായിരിക്കും. 1995 ലെ വിലയാണ്. 1997-ൽ നിശ്ചയിച്ചവില ഇന്നില്ല. ഏതെങ്കിലും സാധനങ്ങൾക്ക് ലോകത്ത് 1995-ലെ വില ഇന്ന് നൽകുവാൻ കഴിയുമോ? ഏക

LIBRARY ARCHIVES Kerala Legislative Assembly

കണ്ഠമായി എല്ലാപേരും തീരുമാനിച്ച ഒരു കാര്യമാണ്. ഇന്ന് എടുത്തുകള ഞ്ഞിരിക്കുന്നത്. അതിനു പുറമേയാണ് ഇപ്പോൾ റിബേറ്റ് സമ്പ്രദായം എടു ത്തുകളയുവാൻ പോകുന്നതും. എന്നിട്ട് എം.ഡി.എ. ആക്കുവാൻ തീരുമാനിച്ചി രിക്കുന്നു എന്നാണ് പറഞ്ഞത്. ഇന്ന് നമുക്ക് കിട്ടുന്ന റിബേറ്റ് 20 ശതമാന മാണ്. എം.ഡി.എ. ആകുമ്പോൾ 10 ശതമാനമായി കുറയും. എന്നുപറഞ്ഞാൽ കേന്ദ്ര ഗവൺമെന്റ് ഈ പ്രാവശ്യം കയർമേഖലയോട് ഏറ്റവും ക്രൂരമായ അവഗണനയാണ് കാണിച്ചിരിക്കുന്നത്. എനിക്ക് അറിയുവാൻ കഴിഞ്ഞത് ബഡ്ജറ്റിനകത്ത് വളരെ കുറഞ്ഞ തുകയാണ് കയറിനുവേണ്ടി മാറ്റിവച്ചിരിക്കു ന്നത്. ഏതാണ്ട് 260 കോടിയോളം രൂപ വിദേശനാണ്യം നേടിത്തരുന്ന ഒരു വ്യവസായമേഖലയാണ് ഇത്. പത്തിരുപത്തഞ്ച് ലക്ഷം ജനങ്ങൾ ജീവിക്കുന്ന ഈ വ്യവസായത്തെ സംബന്ധിച്ച് യാതൊരു ധാരണയും ഇല്ലാതെയാണ് റിബേറ്റ് കൊടുത്തു കളയുവാൻ തീരുമാനം എടുത്തിട്ടുള്ളത്. നമ്മൾ റിബേറ്റ് കൊടുത്തു കഴിഞ്ഞാൽ തന്നെ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി 7.33 കോടി രൂപ കേന്ദ്രത്തിൽ നിന്ന് റീ ഇംപേഴ്സ്മെന്റ് കിട്ടാനുണ്ട്. വാസ്തവ ത്തിൽ വളരെയധികം ശക്തമായ അവഗണനയാണ് ഇത്ര കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന കയർ മേഖലയോടു കാണിക്കുന്നത്. 98 ശതമാ നവും കേരളത്തിൽനിന്നാണ് കയറ്റുമതി ചെയ്യുന്നത്. ബാക്കി 2 ശതമാനമാണ് മറ്റ് സംസ്ഥാനങ്ങളെല്ലാം കൂടി കയറ്റുമതി ചെയ്യുന്നത്. ഇതെല്ലാം ഉണ്ടെങ്കിലും വളരെ തെറ്റായ ഒരു സമീപനമാണ് ഇന്ന് അവർ എടുത്തിരിക്കുന്നത്. ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന മറ്റൊരു പ്രശ്നം എസൻഷ്യൽ കമ്മോഡിറ്റീ സിൽപ്പെടുത്തുന്നതിന് എന്ത് അഭിപ്രായമാണ് എന്ന് സംസ്ഥാന ഗവൺമെന്റി നോട് ചോദിച്ചു. ഞങ്ങൾ അതിശക്തമായി എതിർത്തിരിക്കുകയാണ്. തൊണ്ടും ചകിരിയും എസൻഷ്യൽ കമ്മോഡിറ്റീസുകളാണ്. ഒരു ചെറിയ അമന്റുമെന്റിനുവേണ്ടി എത്രയോ പ്രക്ഷോഭണം നടത്തിയിട്ടുപോലും അവർ തയ്യാറായില്ല. അതുകൊണ്ട് സംസ്ഥാനത്തിന്റെ കീഴിൽ വരുന്ന എസൻഷ്യൽ ആർട്ടിക്കിൾസായി പ്രഖ്യാപിക്കുകയല്ലാതെ എസ്ൻഷ്യൽ കമ്മോഡിറ്റീ സിൽപ്പെടുത്തിയാൽ ഇത് കേരളത്തിന് ദോഷകരമായി മാറും. അതുകൊണ്ട് ഇതിനെ അതിശക്തമായി ഞങ്ങൾ എതിർത്തിട്ടുണ്ട്. ജനങ്ങളുടെയും തൊഴി ലാളികളുടെയും ഇടത്തരം ഉൽപ്പാദകരുടേയും ഭൂരിപക്ഷം വരുന്ന കയറ്റു മതിക്കാരുടെയുമെല്ലാം ശക്തമായ പ്രക്ഷോഭണംകൊണ്ട് മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാട് മാറും സംസ്ഥാനത്തുനിന്നും ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുന്നതിന് ഞങ്ങൾ എല്ലാ കഴിവുകളും ഉപ യോഗിക്കുന്നുണ്ട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : കയർ എസൻഷ്യൽ കമ്മോഡിറ്റീ സിൽപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശം കൊണ്ടുവന്നിട്ടുണ്ട്. എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തിയാൽ വീണ്ടുംവീണ്ടും കൂടുതൽ അവരുടെ പിടിയിലെത്തിക്കുവാൻ സഹായകമാകും എന്നുള്ളതുകൊണ്ട് എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്താതെ സ്റ്റേറ്റ് ഗവൺമെന്റിന് കൈകാര്യം ചെയ്ത് നിയന്ത്രിക്കുവാൻ കഴിയുന്ന വിധത്തിലുള്ള എസൻഷ്യൽ ആർട്ടിക്കിളിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം ഗവൺമെന്റ് നട ത്തുമോ; അതുപോലെ തന്ന കയറും കയർ ഉൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്ന തിന്റെ ഫലമായി കയർപിരിമേഖലയിലെ തൊഴിൽ നിർത്തിവച്ചിരിക്കുന്നത്. അതിന്റെ ഫലമായി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. കൂലി കിട്ടി ന്നില്ല വല്ലാത്ത പ്രതിസന്ധിയാണ് കയർപിരിമേഖലയിലുള്ളത്. കെട്ടിക്കിട ക്കുന്ന കയറും കയർ ഉല്പന്നങ്ങളും വാങ്ങി. തൽക്കാലം വാങ്ങുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടി 10 കോടി രൂപ ഈ വ്യവസായത്തിലേയ്ക്ക് അടിയന്തിരമായി വിനിയോഗിക്കണമെന്ന ആവശ്യം സംയുക്ത സമര സമിതികൾ ഉന്നയിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിഗണിക്കുവാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തിയാൽ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്നത് നമുക്ക് ദോഷമാണെന്നും തൊണ്ട് വില നിയന്ത്രണവും അതിനെതുടർന്ന് ദീർഘകാലം ഈ രാജ്യത്ത് നിലവിലിരിക്കുന്ന നയം കേരളത്തിന് ദോഷമാണെന്നു തെളിയിക്കുകയും അവസാനം അത് പിൻവലിക്കുകയുമാണ് ഉണ്ടായത്. ഇത് എസൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തുന്നത് ശരിയല്ല. ഞങ്ങൾ അതിനെ എതിർക്കുന്നുവെന്ന് പറഞ്ഞു. ആ കാര്യം ഞങ്ങൾകേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. എസൻഷ്യൽ ആർട്ടിക്കിൾസിൽപ്പെടുത്തി സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള കാര്യംവരെ അറിയിച്ചിട്ടുണ്ട്. ഇത് കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങിക്കുന്നതിന് പരമാവധി പരിശ്രമം നടത്തുകയാണ്. കേന്ദ്ര ഗവൺമെന്റിൽ നിവേദനം നൽകിയിട്ടുണ്ട്. അടുത്ത ദിവസം ഞാൻ ഡെൽഹിയിൽപോകുമ്പോൾ വളരെ ശക്തമായ സമ്മർദ്ദം ചെലുത്തുവാൻ ശ്രമിക്കാം. സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക പ്രതിബന്ധങ്ങളും മറ്റുമൊക്കെ ഉണ്ടെങ്കിലും അതിനിടയിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. കയർ കോർപ്പറേഷനും കയർഫെഡും പരമാവധി ഉൽപ്പന്നങ്ങൾ വാങ്ങി ശേഖരിക്കുന്നതിനു ആവശ്യമായ കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ പണം ലഭിക്കുന്നതനുസരിച്ച് തീർച്ചയായും ആവശ്യമായ കാര്യങ്ങൾ ചെയ്യും. ബാങ്കിൽനിന്ന് ലോൺ എടുത്താണെങ്കിലും ഇതു കൂടുതൽ പർച്ചേസ് ചെയ്യണമെന്ന് കയർ കോർപ്പറേഷനും കയർ ഫെഡിനും ഞങ്ങൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തോട് കാണിച്ച അവഗണന

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, ഫെബ്രുവരി 25-ാം തീയതി പാർലമെന്റിൽ അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തെ വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. പുതിയ ട്രെയിനില്ല, പുതിയ പാതകളില്ല, പുതിയ പദ്ധതികളില്ല, പുതിയ പാത ഇരട്ടിപ്പിക്കലില്ല അങ്ങനെ കേരളത്തെ സംബന്ധിച്ചിടത്തോളം തീർത്തും ഇല്ലായ്മയുടെ ബഡ്ജറ്റാണിത്. കേരളത്തിനുവേണ്ടി മുൻപ് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ പൂർത്തിയായിട്ടില്ല. പൂർത്തിയാക്കാനോ വേഗത്തിലാക്കാനോ ആവശ്യമായ യാതൊന്നും ഈ ബഡ്ജറ്റിലില്ല. വൈദ്യുതീകരണത്തിന്റെ കാര്യത്തിലായാലും കേരളത്തോടുകാണിച്ചിട്ടുള്ള കടുത്ത അവഗണനയാണ്. ചരക്ക് കൃഷി ഇനത്തിൽ 600 കോടി രൂപയുടെ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. 5 ശതമാനത്തിലധികം വർദ്ധനവ് വരുത്തിയിട്ടുണ്ട്. ചില സാധനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. രാസവളം, രാസവസ്തുക്കൾ, കന്നുകാലികൾ എന്നിവയ്ക്ക് ക്രമാതീതമായി ചരക്കുകൂലി വർദ്ധിപ്പിച്ചു. 11 മുതൽ 47 ശതമാനം വരെ വർദ്ധനവാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒഴിവാക്കപ്പെടാനാകാത്ത നിരവധി ഇനങ്ങൾ നിത്യേന ഇറക്കുമതി ചെയ്യുന്ന സംസ്ഥാനമാണ് തെക്കേ

LIBRARY ARCHIVES Kerala Legislative Assembly